**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ നടത്തുന്ന [illegible] പരിശീലന പരിപാടി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

ജി.ഒ.(ആർ.റ്റി.) 239/10/തസ്വഭവ തിരുവനന്തപുരം, തീയതി 21.01.2010.

---

പരാമർശം:- 1 4.10.05-ലെ സ.ഉ.(സാധാ)നം.4050/05/തസ്വഭവ
2 21.06.08-ലെ സ.ഉ.(സാധാ)നം.1764/08/തസ്വഭവ
3 പി. ആർ. റ്റി .സി. ഡയറക്ടറുടെ 6.11.09-ലെ 1101/എ/പി.ആർ.റ്റി.സി നമ്പർ കത്ത്
4 24.12.09-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിന്റെ 2.24 നമ്പർ തീരുമാനം

## ഉത്തരവ്

പരാമർശം (1) പ്രകാരം, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് സൈന്യത്തിലേയ്ക്കും മറ്റും തെരഞ്ഞെടുക്കപ്പെടാൻ സഹായകമായ പരിശീലന പരിപാടി നൽകുന്നതിനുള്ള കേന്ദ്രമായി കോഴിക്കോട് ജില്ലയിലെ പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്ററിനെ, അംഗീകരിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം പ്രസ്തുത സെന്റർ നടത്തുന്ന സെക്യൂരിറ്റി ഗാർഡുകളുടെ റെസിഡൻഷ്യൽ പരിശീലന പരിപാടിയുടെ നിബന്ധനകൾ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

കേന്ദ്ര ഗവൺമെന്റ് സൈന്യത്തിലേക്കുള്ള തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പരിഷ്കരിച്ചതിനനുസൃതമായി ട്രെയിനിംഗ് സെന്ററിന്റെ പരിശീലന പരിപാടികൾ പരിഷ്കരിക്കണമെന്ന പി. ആർ. റ്റി .സി. അധികൃതരുടെ അപേക്ഷ 24.12.09-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗം ചർച്ച ചെയ്ത് പരാമർശം (4) പ്രകാരമെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പി. ആർ. റ്റി .സി. നടത്തുന്ന ട്രെയിനിംഗ് കോഴ്സുകൾ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1) തെരഞ്ഞെടുപ്പുമാനദണ്ഡങ്ങൾ കേന്ദ്രഗവ. പരിഷ്കരിച്ചതിന് അനുസൃതമായി, പി. ആർ. റ്റി .സി. നടത്തുന്ന പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സിന്റെ ദൈർഘ്യം 6 ആഴ്ചയിൽ നിന്നും 10 ആഴ്ചയായി വർദ്ധിപ്പിക്കുന്നു.
2) പരിശീലന പരിപാടിയുടെ കോഴ്സ് ഫീസ് 12,000/- (പന്ത്രണ്ട് ആയിരം) രൂപയായിരിക്കും.
3) പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് 50%-ഉം(6000/- രൂപ) പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് 80%ഉം(9600/- രൂപ) തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ധനസഹായമായി നൽകാവുന്നതാണ്. ബാക്കി തുക ഗുണഭോക്തൃ വിഹിതമായിരിക്കും.

4) ഉദ്യോഗാർത്ഥി യഥാർത്ഥ റിക്രൂട്ട്മെന്റിന് ഹാജരാകുന്നതിന് മുമ്പ് രണ്ടാഴ്ചത്തെ റിഫ്രഷർ ട്രെയിനിംഗ് പി. ആർ. റ്റി .സി. സൗജന്യമായി നൽകുന്നുണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം ഉറപ്പാക്കണം.
5) പരിശീലനാർത്ഥികളുടെ തെരഞ്ഞെടുപ്പ്; പരിശീലനം, ഫീസ് എന്നിവ സംബന്ധിച്ച് പരാമർശം(2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ (3) മുതൽ (10) വരെയുള്ള നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
അന്നമ്മ ഡാനിയേൽ,
അഡീഷണൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസനകമ്മീഷണർ, തിരുവനന്തപുരം - തുടർ നടപടികൾ സ്വീകരിച്ച് വിവരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, ലൂക്ക്സ് ലേൻ, ടി.സി.നം.25/2727(4), പുത്തൻചന്ത, തിരുവനന്തപുരം. } ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്
ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ, സിവിൽ സ്റ്റേഷൻ , കോഴിക്കോട്.
ഡയറക്ടർ , കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ , ഐ.കെ.എം.(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അടിയന്തിരമായി പ്രസിദ്ധപ്പെടുത്തുന്നതിന്.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്.
തദ്ദേശസ്വയംഭരണ (ഡി.ബി)( ഡി.സി.)( ഡി.ഡി.) (എഫ്.എം.) വകുപ്പുകൾക്ക്.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ